# ഫെമെൻ മുസ്‌ലിം സ്ത്രീരാഷ്ട്രീയത്തോടു ചെയ്യുന്നത്

**ഉമ്മുൽ ഫായിസ**

ഉക്രയിനിൽ ചില ഫെമിനിസ്റ്റുകൾ 2008 ൽ തുടങ്ങിയ സംഘടനയാണ് ഫെമൻ. ആണ്കൊയ്മയിൽ നിന്നുള്ള സ്ത്രികളുടെ വിമോചനം ആണ് ഫെമൻ ലക്ഷ്യമായി കാണുന്നത്. അർദ്ധ നഗ്നകളായി പൊതു ഇടത്തിൽ പ്രത്യക്ഷപ്പെട്ടു മുദ്രാവക്യങ്ങൾ മുഴക്കുന്ന നവീനമായ ഒരു സമര രീതിയാണ് ഫെമൻ സ്വികരിച്ചിക്കുന്നത്. കഴിഞ്ഞ കുറെ വര്ഷങ്ങളായി അവർ പല യുറോപ്യൻ രാജ്യങ്ങളിലും ഇതേ സമര രീതി ആവിഷ്കരിച്ചിരുന്നു. റഷ്യൻ പ്രസിഡണ്ട് ആയ വ്ലാദമിർ പുടിനെതിരെയും പാരീസ് ഹിൽടനെതിരെയും അവർ സമരം നടത്തിയിരുന്നു. എന്നാൽ പുതിയ വിവാദം ഉണ്ടാവുന്നത് ഫെമനെ പിന്തുണച്ചു കൊണ്ട് തുനിഷ്യയിലെ ഫെമിനിസ്റ്റായ ആമിന ടൈലർ തന്റെ അർദ്ധ നഗ്ന ചിത്രം ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തതോടെയാണ് . ഈ പോസ്റ്റ് പ്രത്യക്ഷ്യപെട്ടു പത്തു ദിവസത്തിനു ശേഷം മുസ്ലിംകൾ ഭുരിപക്ഷമുള്ള രാജ്യമായ തുനിഷ്യയിലെ ഒരു സലഫി പണ്ഡിതൻ ആയ ആദിൽഅൽമി ആമിനയെ കല്ലെറിഞ്ഞു കൊല്ലണമെന്ന വാദവുമായി രംഗത്തെത്തി. ഇതിനെതിരെ ആമിനക്കു പിന്തുണയുമായി കഴിഞ്ഞ ഏപ്രിൽ 4 “അന്താരാഷ്ട്ര ടോപ് ലെസ്സ് ജിഹാദ് ദിനം” ആയി ഫെമൻ ആചരിച്ചു .മാത്രമല്ല ആമിനയെ പിന്തുണച്ചു കൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളില് നിന്നും പ്രതികരണങ്ങലുണ്ടായി. എന്തിനധികം കേരത്തിൽ പോലും ലൈംഗിക സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഒരു രാഷ്ട്രീയ ഇടപെടൽ എന്ന രീതിയിൽ മുസ്‌ലിം - പുരുഷ - മേധാവിത്തം അവസാനിപ്പിക്കാൻ സെക്യുലർ -ഇടതുപക്ഷ പുരുഷന്മാരും ഉദാര സ്ത്രീവാദികളും രംഗത്തുവന്നു.

എന്നാൽ ഇതേ കാമ്പയിനുകളുടെ മറുവശത്ത് തന്നെ പല തരത്തിലുള്ള "വെള്ള ഇതര" സ്ത്രീകള് ഒരുമിച്ചു ചേർന്ന് ഇതിനെതിരെ സംസാരിച്ചിരുന്നു . ഇന്ത്യയിൽ തന്നെ ദലിത് ബഹുജൻ ഫെമിനിസ്റ്റായ അനു രാംദാസ് ഫേയിസ്ബുക്കിൽ ചോദിച്ചത്. "2010 ആഗസ്റ്റ് 15 ന് ഒരു കൂട്ടം സ്ത്രികൾ ഗവൺമെന്റിനെതിരെ മുദ്രാവാക്യങ്ങള് ഉയർത്തി പ്രകടനം നടത്തിയിരുന്നു . റേഷൻ കാർഡ്, രണ്ടായിരം രൂപ പെൻഷന് തുടങ്ങിയ " പരിഷ്കൃതമല്ലാത്ത " ആവശ്യങ്ങലായിരുന്നു അവർ ഉന്നയിച്ചത്.

മാത്രമല്ല അർദ്ധ നഗ്നരായാണ് അവര് സമരം നടത്തിയത്. ഇപ്പോൾ പ്രക്ഷോഭ കാരികളും വികാര ഭരിതരും ആയ ഇന്ത്യന് ഫെമിനിസ്ടുകൾ (സ്ത്രീയും പുരുഷനും) അന്ന് എവിടെ പോയി എന്നതാണ് അത്ഭുതം. സമരം നടത്തിയത് ദേവദാസി സ്ത്രികളായിരുന്നു. ഇത് നടന്നതാവട്ടെ കർണ്ണാടകയിലെ ഒരു കുഗ്രാമത്തിലൊന്നുമല്ല, നഗരം തന്നെ ആയ മുംബൈയിലാണ്". ഇങ്ങിനെയുള്ള ചോദ്യങ്ങൾ ഈജിപ്തിൽ നിന്നും തുനീശ്യയിൽ നിന്നും നൈജീരിയയിൽ നിന്നും അമേരിക്കയിൽ നിന്നും ഒക്കെയുള്ള ഇസ്ലാമിക ഫെമിനിസ്റ്റുകളും ബ്ലാക്ക് ഫെമിനിസ്റ്റുകളും ഉയര്തിയിരുന്നു. അവർ ഉയര്ത്തിയ നിരവധി ചോദ്യങ്ങൾ മുസ്ലിം സ്ത്രീയെ "വിമോചിപ്പിക്കാനുള്ള" തിരക്കിൽ ആരും ശ്രദ്ധിച്ചില്ല . ഒന്നുകിൽ മത-പുരുഷ മേല്കൊയമയുടെ ഇര അല്ലെങ്കിൽ ഫെമെൻ പോലുള്ള പ്രസ്ഥാനങ്ങളെ പിന്തുണക്കുക എന്നീ രണ്ടു ചോയ്സ് മാത്രം മുസ്ലിം സ്ത്രീകള്ക്ക് അനുവദിക്കപെട്ടു. അവളുടെ ജീവിതം, ചരിത്രം, ശരീരം, ലൈംഗികത,മതം തുടങ്ങിയവയൊന്നും ഒരു പരിശോധനയും ആവശ്യമില്ലാത്ത സാമൂഹിക സാനിധ്യമായി മാറി . അവയൊക്കെ വെളുത്ത പുരുഷന്മാർ ബഹുഭൂരിപക്ഷം ഉള്ള അന്താ രാഷ്ട്ര മാധ്യമങ്ങള് തങ്ങളുടെ ഇച്ചക്കൊത്തു വ്യാഖ്യാനിച്ചു. അതൊക്കെ ഏറ്റെടുക്കാൻ വെളുത്ത സ്ത്രീകള് നിയന്ത്രിക്കുന്ന ഫെമെൻ പോലുള്ള സംഘടനകൾ വളരെ വേഗം തയാറാവുന്നു എന്നതാണ് ഇവിടെ ഏറെ വിമര്ഷിക്കപെടുന്നത് . ഈ സാഹചര്യത്തിൽ ആണ് കറുത്ത സ്ത്രീവാദത്തിന്റെ ഭാഗമായ ആലീസ് വാകർ ഈയിടെ നടത്തിയ ഒരു നിരീക്ഷണം ശ്രദ്ധേയമാവുന്നത്. “പാശ്ചാത്യ ഫെമിനിസ്റ്റുകൾ അവരുടെ സഹോദരന്റെയും പിതാവിന്റെയും വഴി തെരഞ്ഞെടുക്കുന്നു എന്നതാണ് വളരെ പ്രശ്നകരമായി ഞാൻ കാണുന്നത്. പൊതുവേ പറയുകയാണെങ്കിൽ അവരോടാണ് അവര്ക്ക് അനുകമ്പയും ഐക്യവും. അത് കൊണ്ട് തന്നെ പാശ്ചാത്യ സ്ത്രികളുടെ സമരം എന്നത് അവരുടെ പുരുഷന്മാർക്കുള്ള അതെ അവകാശങ്ങൾ നേടിയെടുക്കുകയും അവരുമായി പങ്കു വെക്കുകയും ചെയ്യുക എന്നത് മാത്രമായി ചുരുങ്ങുന്നു. അതായത് മറ്റു സാംസ്കാരിക പശ്താലങ്ങളിൽ നിന്നുള്ള സ്ത്രികളുമായി ഇവർക്ക് യാതൊരു ബന്ധവുമില്ല എന്ന് വരുന്നു". ആലീസ് വാകർ പറയുന്നത്പോലെ കഴിഞ്ഞ പത്തു വര്ഷത്തിലേറെ ആയി ‘വാർ ഓണ് ടെറര്’ എന്നാ പേരില് മുസ്ലിം

രാജ്യങ്ങളായ അഫ്ഗാനിലും (2001) ഇറാഖിലും (2003) ഈയടുത്ത് പാസ്കിതാനിലും(2011) മാലിയിലും(2012) നയിജറിലും (2012) അധിനിവേശം നടത്തുകയും അതിനെ പിന്തുണച്ചു വെളുത്ത ഫെമിനിസ്റ്റുകൾ മുസ്‌ലിം ആൺക്കോയ്മയില് നിന്നും മുസ്‌ലിം സ്ത്രികളെ രക്ഷിക്കാനുള്ള ഇടപെടലായി ഫെമിനിസത്തെ ഉയര്തിപിടിക്കുകയും ചെയ്തു. 2001നു ശേഷം മാത്രം ലക്ഷക്കണക്കിന് മുസ്ലിം സ്ത്രീകളെ കൂട്ടക്കശാപ്പ് ചെയ്ത കൊളോണിയൽ ശക്തികളെ ന്യയികരിക്കുകയാണ് അവർ ചെയ്തത്. എന്നാൽ ഇതേ സമയം അറബ് ഉയിർതെഴുന്നെല്പിന്റെ ഭാഗമായി യെമെനിലെ പത്രപ്രവർത്തക തവക്കൽ കര്മാൻ ,ഈജിപ്തിലെ കോളേജ് വിധ്യാര്തിനി ആയ ഹിബ മെഹ്ഫൂസ്, ബഹറയിനിൽ അമേരിക്കൻ പിന്തുണയോടു കൂടി രാജ്യം ഭരിക്കുന്ന രാജാവിനെതിരെ അവിടത്തെ മനുഷ്യാവകാശ പ്രവര്ത്തക മറിയം അൽ ഖോജ തുടങ്ങി നിരവധി സ്ത്രീകള് ഉയര്ത്തിയ രാഷ്ട്രീയ ചോദ്യങ്ങൾ വളരെയെളുപ്പം മറന്നു കളയാനും അങ്ങിനെയുള്ള സ്ത്രീകള് ഒക്കെ "ആണ്കൊയമയുടെ ഇര" ആയി മാത്രം മനസ്സിലക്കപെടുകയും ചെയ്തു. ഫെമെനെ പോലുള്ള പ്രസ്ഥാനങ്ങൾ ശരിക്കും ഇങ്ങിനെയുള്ള ശബ്ദങ്ങളെ സെൻസർ ചെയ്യുന്ന ഒരു "കൊളോണിയൽ ഫെമിനിസ്റ്റ് സാങ്കേതിക വിദ്യ" ആയി മാറുന്നുവെന്നും കാണാം .

ഫെമെൻ എന്നത് പ്രശ്നകരമായ ഒരു ഇടപെടൽ ആകുന്നതു പെട്ടെന്നുള്ള വിശകലനത്തിൽ "നഗ്നത", "ശരീരത്തിന്റെ സ്വയം നിര്ണയം" തുടങ്ങിയ കേവല ആശയങ്ങളിലുടെയോ സമര രീതികളുടെയോ പേരില് ആണെങ്കിലും വേറെ രീതിയിൽ അതിലൂടെ അവർ മുൻകൂർ- ഉന്നയിക്കുന്ന സാർവലൌകിക ഫെമിനിസം, ഗ്ലോബൽ സിസ്റ്റർഹൂദ് എന്ന സങ്കൽപങ്ങൾ അതിന്റെ രക്ഷകമനോഭാവം കൊണ്ടും സാംസ്കാരിക മേല്കൊയ്മയുടെ പ്രശ്നം കൊണ്ടാണ് എതിർക്കപ്പെടുന്നത്. ലോകത്ത് എല്ലാ സ്ഥലത്തുമുള്ള സ്ത്രീകൾ ശരീരം -തൃഷ്ണ-സ്വാതന്ത്ര്യം ഇവയെകുറിച്ചുള്ള യുറോ -പ്രൊട്ടസ്റ്റന്റ് -സെകുലർ പ്ശ്ചാതത്തിൽ ഉള്ള "സാർവലൗകിക" സമരമാര്ഗം പിന്തുടരണം എന്നാ നിരബന്ധം ആണ് ഇവിടെ പ്രശ്നവല്കരികുന്നത്. മാത്രമല്ല തങ്ങളുടെ വസ്ത്രം അഴിച്ചിട്ടുള്ള പ്രക്ഷോഭം ഇന്ത്യയിൽ തന്നെ രണ്ടായിരത്തി

പത്തിൽ ബോംബയിൽ ദലിത് സ്ത്രീകളുടെ പക്ഷത്തു നിന്നും രണ്ടായിരത്തി നാലിൽ മണിപ്പൂറിലെ സ്ത്രീകളും ഒക്കെ നടത്തിയിരുന്നു. രണ്ടായിരത്തി പന്ത്രണ്ടിൽ തെക്കന് നൈജീരിയയിലെ സ്ത്രികൾ സാമൂഹിക അതിക്രമങ്ങളെ നേരിടാൻ ഇതേ രിതി ഉയോഗിച്ചിരുന്നു. എന്നാൽ ഈ സ്ത്രീകളൊന്നും തന്നെ ലോകം മുഴുവൻ ഇത് സ്വീകരിക്കണമെന്ന് പറഞ്ഞിട്ടില്ല. അങ്ങിനെ പ്രക്ഷോഭം നടത്താത്ത സ്ത്രീകൾ "ബുദ്ധിയില്ലാത്തവരും" "അപരിഷ്കൃതരും' ആണെന്നും പറഞ്ഞിട്ടില്ല . മറ്റു സ്ത്രീ ജീവിത അനുഭവങ്ങൾക്ക് മേല് തങ്ങളുടെ അനുഭവത്തെ അടിചെല്പിചിട്ടുമില്ല. കറുത്ത-തവിട്ടു നിറമുള്ള ശരീരങ്ങല്ക്ക് ഫെമെനൊക്കെ ലഭിച്ച മാധ്യമ ദ്രിശ്യത ഒരിക്കലും അനുഭവിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ലോകത്തെ വെളുത്ത ആണുങ്ങൾ നിയന്ത്രിക്കുന്ന മാധ്യമങ്ങൾ നല്കുന്ന ദൃശ്യത ഫെമെനെ ഏറെ സഹായിക്കുന്നുണ്ട്. നേരത്തെ ആലീസ് വാകർ സൂചിപിച്ചത് പോലെ വെളുത്ത വംശീയ പുരുഷന്റെ അധിനിവേശ ഭാവനകൾക്കപ്പുറം ലോകത്തെ കാണാൻ ഫെമെൻ അടക്കമുള്ള വെളുത്ത സ്ത്രീവാദ പ്രസ്ഥാനങ്ങൾക്ക് സാധിച്ചിട്ടില്ല എന്നതാണ് പ്രശ്നം.

ലോക്കത്തെ എല്ലാ സ്ത്രീകളും ഒരേ പോലെ ചിന്തിക്കണം ,അവരുടെ പ്രശ്നങ്ങൾ എല്ലാ ഒരു ഒരു പോലെ ആണ് എന്ന തരത്തിലുള്ള "ഗ്ലോബൽ സിസ്റ്റർഹുഡ" എന്നാ ആശയം ആണ് അവർ മുന്നോട്ട് വെകുന്നത് . ഈ ഗ്ലോബൽ സിസ്റ്റർഹൂട് എന്ന സങ്കല്പം യോറോപ്യൻ മത - വംശീയ- കൊളോണിയൽ അധികാരവുമായി ഏറെ ബന്ധമുണ്ടെന്നു ചന്ദ്ര തല്പദെ മൊഹന്തി, പാട്രിഷ്യ ഹിൽ കോളിന്സ് , സാദിയ ഷൈഖ് തുടങ്ങിയവർ മൂന്നാം ലോക - ബ്ലാക്ക് -ഇസ്ലാമിക ഫെമിനിസ്റ്റ് പക്ഷത്തു നിന്നു വളരെ നേരത്തെ തന്നെ ചൂണ്ടി കാണിച്ചിരുന്നു. (ഇന്ത്യയിൽ അടക്കം ദലിത് ഫെമിനിസം ,ഇസ്ലാമിക ഫെമിനിസം തുടങ്ങിയ രീതിയിൽ ഇതര സ്ത്രീ അനുഭവത്തെ മുൻനിറുത്തി ഇന്ത്യൻ സ്ത്രീ എന്നാ പേരില് കണ്ടിരുന്ന "സവർണ" സ്ത്രീ വാദത്തെ തന്നെ അഴിച്ചു പണിയുന്ന ഒരു ചരിത്ര - രാഷ്ട്രീയ സാഹചര്യത്തിൽ ആണ് കേരളത്തിൽ ഒരു സംഘം സെകുലർ പുരുഷന്മാരും ഉദാര സ്ത്രീവാദികളും ചേർന്ന് ഫെമെൻ എന്ന ഒരു സൂച്ചകത്തെ മുന്നിറുത്തി മുസ്ലിം സ്ത്രീയെ "രക്ഷിക്കാൻ' വരുന്നത്). ഫെമെന്റെ ഈ ഭീഷണിയുടെ ഭാഷ ശരിക്കും

വ്യക്തമായത് "മുസ്‌ലിം വിമണ് എഗയിന്സ്റ്റ് ഫെമെൻ" എന്ന ഫെയിസ്ബുക്ക് കൂട്ടായ്മയെ കുറിച്ച് ഫെമൻ ന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ ഇന്ന ഷെവ്ചങ്കൊ ഓൺലൈൻ പത്രമായ ഹഫിങ്ങ്ടൻ പോസ്റ്റിനു നല്കിയ ഒരു പ്രസ്താവനയിലൂടെ ആണ് . "മുസ്ലിം സ്ത്രി തങ്ങൾക്കു വിമോചനം വേണ്ട എന്ന് പറയും. അവർപറയുന്നതൊന്നും കാര്യമാകേണ്ട . അവർക്ക് ഞങ്ങളുടെ സഹായം വേണമെന്ന് അവരുടെ കണ്ണുകളിൽ നിന്നും വായിക്കാൻ പറ്റും. നാം മനസിലാകേണ്ടത് ചരിത്രത്തില് ഒരു അടിമയും തങ്ങൾ അടിമയാണെന്ന് സമ്മതിച്ചിട്ടില്ല". മറ്റൊരു സ്ഥലത്ത് അവർ പറയുന്നത് "Stupid Muslim women made brainless by Qur'an" എന്നാണ്. ആമിന വദൂദ് ,അസ്മ ബർലാസ് , കേഷിയ അലി തുടങ്ങിയവർ നടത്തിയ ഖുറാന്റെ സ്ത്രീപക്ഷ വായനകൾ ഓകെ "മന്ദബുദ്ധികൾ" നടത്തുന്ന ഖുര്'ആൻ വായന മാത്രമായാണ് ഫെമെൻ പോലുള്ളവർ കാണുന്നത്. ഈ പ്രസ്താവനകൾ കാണിക്കുന്നത് മുസ്‌ലിം സ്ത്രീ എന്നത് മനുഷ്യപദവി ഇല്ലാത്ത അടിമകൾ ആണെന്നും അവര്ക്ക് ഒരു തരത്തിലുള്ള സ്വയം നിർണയാവകാശവും ഇല്ലെന്നാണ് .ഇങ്ങിനെയുള്ള മുസ്ലിം സ്ത്രീകളെ വിമോചിപ്പിക്കാനുള്ള നാഗരിക ദൌത്യം ആണ് "ശരീരത്തിന്റെ സ്വയം നിര്ണയ അവകാശം" ഉയര്തിപിടിക്കുന്നുവെന്നു പറയുന്ന ഫെമെൻ ഏറ്റെടുത്തിരികുന്നതു.ഇതേ ഫെമെൻ തന്നെ ഫ്രാൻസിലെ സെക്യുലർ ഭരണകൂടം ഹിജാബ് നിരോധിച്ചപ്പോൾ അതിനെ സ്വാഗതം ചെയ്തു രംഗത്ത് വന്നിരുന്നു. കാരണം അവരെ സംബന്ധിച്ചിടത്തോളം ഫ്രാൻസിൽ വംശീയത , കുടിയേറ്റം ,കൊലോനിയളിസം, കീഴാള സംസ്കാരം ഇവയൊന്നും ഒരു രാഷ്ട്രീയ പ്രശ്നമല്ല. അങ്ങിനെയുള്ള പശ്താലങ്ങളിൽ ഉള്ള സ്ത്രീകള് "ആണ്കൊയ്മയെ" മാത്രം കണക്കിലെടുത്തൽ മതി എന്നാണ് ഫെമെന്റെ നിലപാട്. ഫെമെന്റെ ഇതര സംസ്കാരങ്ങലോടുള്ള നിലപാടുകൾ കുറച്ചു പതിറ്റാണ്ടുകൾക്ക് മുമ്പ് അൾജീരിയയിലും തുനീശ്യയിലും ഫ്രാന്ജ് അധിനിവേശത്തെ ന്യായികരിക്കാൻ ഉപയോഗിച്ചിരുന്ന അധമ നാഗരികതകളെ കുറിച്ചുള്ള ആഖ്യാനങ്ങളിൽ നിന്ന് ഒട്ടും വ്യത്യസ്തമാവുന്നില്ല എന്നതു തികച്ചും ഒരു ഫെമിനിസ്റ്റ് ദുരന്തം തന്നെയാണ് .

ഇനി ഇപ്പോഴത്തെ തുനീശ്യയിലെ സാഹചര്യം തന്നെ ഒന്ന് നോക്കൂ. "ഇസ്ലാമിസ്റ്റുകൾ" ആണ് തങ്ങളുടെ ശത്രു എന്ന്

ഫെമെൻ പറയുന്നുണ്ടല്ലോ . എന്നാൽ റാഷിദ് ഗനൂശി ,സുമയ്യ ഗനൂശി ഒക്കെ നയിക്കുന്ന അന്നാട്ടിലെ ഏറ്റവും വലിയ ഇസ്‌ലാമിസ്റ്റ് പ്രസ്ഥാനം ആയ അന്നഹ്ദ ആണ് ഇപ്പോൾ ഭരണത്തിൽ ഉള്ളത്. തുനീഷ്യൻ പാർലമെന്റിൽ ആകെയുള്ള 56 സ്ത്രീകളിൽ 42 പേരാണ് അന്നഹ്ദയുടെ പ്രതിനിധികൾ. ഒരിക്കലും ഇസ്ലാമികമായ തരത്തിലുള്ള വസ്ത്രം ധരിക്കാൻ തയാറല്ലാത്ത സുആദ് അബ്ദു റഹീമും അന്നഹ്ദയുദെ വനിതാ എം പി മാരിൽ ഒരാളാണ്. മാത്രമല്ല മൊത്തം പാരലമെന്റിൽ തന്നെ നാല്പത്തി അഞ്ചു ശതമാനം സ്ത്രീകള് ആണ്. ബ്രിട്ടനിലും അമേരിക്കയിലും ഇരപത്തി രണ്ടു ശതമാനവും പതിനേഴു ശതമാനവും ആണ് ഉപരി സഭകളിലെ സ്ത്രീ പങ്കാളിത്തം എന്നത് ഇതിനോട് കൂട്ടി വായിക്കുക. ബഹു ഭാര്യത്വം നിരോധിച്ച, അബോർഷൻ നിയമ വിധേയമായ ഒരു മുസ്ലിം രാജ്യമാണ് തുനീഷ്യ. ഫെമെൻ അജണ്ടയുടെ ഭാഗമായി പ്രതിഷേധിച്ച ആമിന ടൈലർ തന്നെ രാജ്യത്തെ പ്രമുഘ ടോക് ഷോ ആയ " ലാ ബാസ് " ഇൽ വന്നു സംസാരിച്ചിരുന്നു . (എന്നാൽ മാധ്യമങ്ങൾ പ്രചരിപ്പിച്ചത് അവരെ വീട്ടുതടവിൽ ആകി,മാനസിക രോഗത്തിന് ചികിത്സിക്കുന്നു ഒക്കെ ആണ്) ഇങ്ങിനെയുള്ള സ്ത്രീ ലോകങ്ങ ളെയും അവരുടെ ജീവിത സമരത്തെയുമണ് ലിബറൽമാധ്യമങ്ങൾ ഉല്പാദിപിക്കുന്ന സെലെക്റ്റീവ് ആയ വാർത്തകളിൽ വെറും "ഇര" ആയി മാത്രം പ്രതിനിധാനം ചെയ്യപെടുന്നത്. ബിന് അലിയുടെ സെക്യുലർ ഭരണ കാലത്ത് ഒരിക്കലും ഹിജാബ് ധരിക്കാൻ അനുവാദമില്ലാത്ത രാജ്യത്ത് ഇപ്പോൾ ഏതു വസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ട്. വമ്പിച്ച സ്ത്രീ പങ്കാളിതതോടെ തന്നെ ഉള്ള ഒരു ജനാധിപത്യ അവസ്ഥ ആണ് ഇപ്പോൾ തുനീശ്യയിൽ ഉള്ളത് . അത് കൊണ്ട് തന്നെ ആണ് വലിയൊരു വിഭാഗം കോളനി വിരുദ്ധ ചിന്താഗതിയുള്ള ഫെമിനിസ്റ്റുകൾ ഫെമെൻ പുലര്ത്തുന്ന "ആധികാരികമായ അജ്ഞതയെ" എതിര്കുന്നത്.

എന്നാൽ ഇതൊക്കെ പറയുമ്പോഴും അമിന ടെയ്‌ലർ ഒരു ടുണീഷ്യൻ മുസ്ലിം ആണല്ലോ . അത് കൊണ്ട് അവരുടെതും ഒരു "മുസ്‌ലിം സ്ത്രീ " ശബ്ദം ആയി തിരിച്ചറിയണം എന്ന് ഒരു കൂട്ടര് വാദിക്കുന്നു . എന്നാൽ ആണ്‌കൊയ്ക്‌മ എന്നത് മാത്രമല്ല വംശീയത ,കൊളോണിയളിസം തുടങ്ങിയ ഘടനകളെ കൂടി പരിഗണിക്കുമ്പോൾ അമിനയുടെ ഇടപെടൽ രാഷ്ട്രീയപരമായി ഒരു പ്രശ്നം തന്നെയാണ്. ഈ സാഹചര്യത്തിൽ 1961 വരെ തുനിശ്യക്കാരെ അടിച്ചമാര്തുന്ന ഫ്രഞ്ച്

കൊളോനിയലിസത്തിന്റെ "ഫെമിനിസ്റ്റ് " ചരിത്രം വായിക്കുന്നത് ഇവിടെ നന്നായിരിക്കും. ഫ്രഞ്ച് കൊലോനിയളിസത്തിനു വിധേയമായിരുന്ന മര്തീനിക്കിൽ നിന്ന് ഒരു "കറുത്ത" സ്ത്രീയെ തങ്ങളുടെ കൊളോണിയൽ അജണ്ടയെ ന്യായീകരിക്കുന്നതിനായി അവർ ഉപയോഗപെടുതിയിരുന്നു. കോളനി വിരുദ്ധ സമരം നയിക്കുന്ന കറുത്ത ആണുങ്ങളെ ഏറ്റവും വലിയ "സ്ത്രീ വിരുദ്ധർ" ആയി ചിത്രീകരികുകയിരുന്നു ഫ്രഞ്ച് കൊളോണിയൽ പദ്ധതി. അങ്ങിനെ തദ്ദേശീയരിൽ നിന്നുള്ള ചെറുത്തു നില്പിന്റെ മുനയോടിക്കുക ആയിരുന്നു അവരുടെ ഉദേശം. ഈ ഒരു പശ്ചാതത്തിൽ ആണ് ഫ്രാൻസ് ഫാനോണ് തന്റെ പ്രസിദ്ധമായ "ബ്ലാക്ക് സ്കിന്, വൈറ്റ് മാസ്ക് " എഴുതുന്നത്. അതുകൊണ്ടാണ് അറിഞ്ഞോ അറിയാതെയോ കൊളോണിയൽ അജണ്ടയെ സാധൂകരിക്കുന്ന ഒരു "സ്വദേശി ഫെമിനിസം" എന്നത് ഒരു രാഷ്ട്രീയ പ്രശ്നം ആവുന്നത്. 2001 സെപ്റ്റംബർ 11 നു ശേഷം അയാൻ ഹിര്സി അലി, ഇരശാദ് മഞ്ചി,വഫ സുല്ത്താന തുടങ്ങിയ "മുസ്ലിം സ്ത്രീകള് " ഇങ്ങനെ ഇരാഖ് -അഫ്ഘാൻ അധിനിവേശത്തെ അനുകൂലിച്ച സ്വദേശി ഫെമിനിസ്റ്റുകൾ ആണ്. അവരെ തുറന്നു കാട്ടി കൊണ്ട് ഇസ്ലാമിക് ഫെമിനിസ്റ്റായ ലൈല അഹമദ് തന്റെ A Quiet Revolution: The Veil's resurgence from Middle East to America (2010) എന്ന പുസ്തകത്തില വിശദമായി സൂചിപ്പിക്കുന്നു. ആമിന ടായലരിനെ പോലുള്ള "സ്വദേശി മുസ്ലിം" ഫെമിനിസ്റ്റുകൾ അങ്ങേയറ്റം പ്രശ്നകരമായ വെളുത്ത സ്ത്രീവാദികളുമായി കൈകോർത്ത് കൊണ്ട് വളരെ ദീര്ഗ കാലം മുസ്ലിം ലോകത്ത് ശക്തിപെട്ടു വരുന്ന സ്ത്രീയെകുരിച്ചും മതത്തെകുറിച്ചും ലൈംഗികതയെകുരിച്ചുമുള്ള അന്വേഷണങ്ങളെയും പഠനങ്ങളെയും പോരാട്ടങ്ങളെയും അദൃശ്യ വല്കരിക്കുക മാത്രമല്ല അങ്ങിനെയുള്ള ജീവിത വഴികളെ ഇല്ലാതാകാൻ കൂടിയാണ് സഹായികുന്നത്. അതുകൊണ്ട് തന്നെ ആൺക്യ്മക്കെതിരെ മാത്രമല്ല കൊലോനിയളിസത്തിനെതിരെയും സാംസ്കാരിക മേല്കൊയ്മക്കെതിരെയും "സ്വയം നിര്ണയത്തിന്റെ" രാഷ്ട്രീയം ഉയരത്തി പിടിക്കുന്ന മുസ്ലിം സ്ത്രീരാഷ്ട്രീയവും കോളനിവിരുദ്ധ രാഷ്ട്രീയത്തിന്റെ ഭാഗമായ ഫെമിനിസ്റ്റുകളും ആമിനയിലൂടെ ഫെമെൻ പുലര്ത്തുന്ന യുറോകേന്ദ്രീകൃത-കൊളോണിയൽ ഫെമിനിസത്തോട് വിയോജിക്കുന്നത് .